ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ജൂലൈ 06, 2018

**1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A(1), 56 വകുപ്പ് പ്രകാരമുള്ള ഡയറക്ഷൻസ് - ഭിൽവാര മഹിളാ അർബൻ സഹകരണ ബാങ്ക്, ഭിൽവാര (രാജസ്ഥാൻ)**

ഭിൽവാര മഹിളാ അർബൻ സഹകരണ ബാങ്ക്, ഭിൽവാരയ്ക്ക് മേൽ (രാജസ്ഥാൻ) 1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A(1), 56 വകുപ്പ് പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പുറപ്പെടുവിച്ച ഡയറക്റ്റീവ്സ് പ്രകാരം പ്രാവർത്തികമാക്കിയിരുന്ന ഡയറക്ഷന്റെ കാലാവധി പൊതുജന താല്പര്യാർത്ഥം ദീർഘിപ്പിക്കേണ്ടതാണെന്ന് റിസർവ് ബാങ്കിന് ബോദ്ധ്യമായതായി പൊതുജനങ്ങളെ ഇതിനാൽ അറിയിക്കുന്നു. മാർച്ച് 07, 2017 ലെ ഡയറക്റ്റീവ് നം. DCBS. CO. BSD-IV-D-9/12.27.235/2016-17 പ്രകാരമുള്ള ഡയറക്ഷൻസ്, അവസാനമായി മാർച്ച് 01, 2018 ലെ ഡയറക്റ്റീവ് നം. DCBR.CO.AID No D-32/12.27.235/2017-18 പ്രകാരം മാർച്ച് 10, 2018 മുതൽ ജൂലൈ 09, 2018 വരെയുള്ള 4 മാസ കാലത്തേക്ക് ദീർഘിപ്പിച്ചത്, ജൂലൈ 02, 2018 ലെ ഉത്തരവ് അനുസരിച്ചു് ജൂലൈ 10, 2018 മുതൽ ഒക്ടോബർ 09, 2018 വരെയുള്ള 3 മാസ കാലത്തേക്ക് കൂടി, പുനരവലോകനത്തിനു വിധേയമായി ദീർഘിപ്പിച്ചിരിക്കുന്നു.

ഡയറക്റ്റീവിലെ മറ്റു നിബന്ധനകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : 2018-2019/68